പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1150 30.09.2016-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര കെ.എസ്. ആർ.ടി.സി. ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശരാശരി 4752 ബസുകൾ കെ.എസ്.ആർ. ടി.സി നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. (ആഗസ്റ്റ് 2016വരെ) |
| (ബി) | ഒരു ദിവസം കെ.എസ്.ആർ.ടി.സി. യുടെ ശരാശരി വരുമാനം എത്ര യാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഒരു ദിവസം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി വരുമാനം 5.04 കോടി രൂപയാണ്. കെ.യു.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന കളക്ഷനായ 0.46 കോടി രൂപ കൂടി ഉൾപ്പെടുത്തുമ്പോൾ പ്രതിദിന വരുമാനം (ആഗസ്റ്റ് 2016) 5.50 കോടി രൂപ |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം എത്രകോടി രൂപ യാണ്; ട്രെയിൻ ടിക്കറ്റ് നിരക്കിൽ വരാൻ പോകുന്ന വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2012-13 സാമ്പത്തിക വർഷത്തിലെ സി.എ.ജി ആഡിറ്റ് ചെയ്ത കണക്കനുസരിച്ച് നഷ്ടം (സഞ്ചിത നഷ്ടം) 3,025.90 കോടി രൂപ ആണ്. 2015-16 വരെയുള്ള താല്ക്കാലിക കണക്കനുസരിച്ച് നഷ്ടം (സഞ്ചിത നഷ്ടം) 4,844.21 കോടി രൂപയാണ്.<br>കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായുള്ള രക്ഷാപാക്കേജിൽ ഈ വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ